# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1231 — **05/03/2020 ൽ മറുപടിക്ക്**

## റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ രേഖകളുടെ പരിഷ്കരണം

**ചോദ്യം**
**ശ്രീ.കെ.എൻ.എ ഖാദർ**
**,, പാറക്കൽ അബ്ദുല്ല**
**,, പി.കെ.ബഷീർ**
**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭൂമിയുടെ രജിസ്ട്രേഷൻ, റവന്യൂ രേഖകളിൽ ഭൂപടം യോജിപ്പിക്കുന്ന തരത്തിൽ റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ രേഖകൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളാണ് പ്രധാനമായും ഭൂമി സംബന്ധമായ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിച്ച് വരുന്നത്. റവന്യൂ ഭരണത്തിന്റെ ഭാഗമായി RELIS എന്ന ഓൺലൈൻ സോഫ്റ്റ്വെയറും, ഭൂമി രജിസ്ട്രേഷൻ ചെയ്യുന്ന ആവശ്യത്തിലേക്കായി PEARL എന്ന ഓൺലൈൻ സോഫ്റ്റ് വെയറുമാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്. ഈ രണ്ട് സോഫ്റ്റ്വെയറുകളും NIC തയ്യാറാക്കിയിട്ടുള്ളതും ഇത് മുഖാന്തിരം ഓൺലൈൻ സേവനം നൽകിവരുന്നതുമാണ്. നിലവിൽ മാപ്പുകൾ ഓൺലൈൻ മുഖേന നൽകുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ഇല്ലാത്തതാണ്. ഇതിലേക്കായി NIC യുടെ ഭൂനക്ഷ എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ടി സോഫ്റ്റ്വെയർ ഉപയോഗപ്രദമാം വിധം പരിഷ്കരിക്കുന്നതിന് NIC യുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി വരുന്നതും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. ഇത് പ്രാവർത്തികമാകുന്നതിലൂടെ മാപ്പുകൾ കൂടി ഓൺ ലൈൻ സംവിധാനത്തിൽ കൊണ്ട് വരാൻ സാധിക്കുന്നതാണ് . |
| (ബി) | ഇത് നടപ്പിലാക്കുക വഴി പൊതുജനങ്ങൾക്കും സർക്കാരിനും എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാകുമെന്ന് വിശദമാക്കുമോ? | (ബി) | മാപ്പുകൾ കൂടി ഓൺലൈൻ സംവിധാനത്തിൽ സാധ്യമാകുന്നതിലൂടെ റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് മാപ്പുകൾ കൂടി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം നിർവ്വഹിക്കാൻ സാധിക്കുന്നതും, ഓൺലൈൻ സംവിധാനത്തിലൂടെ മാപ്പുകൾ നാളതീകരിച്ച് പരിപാലിച്ച് ഭൂമി സംബന്ധമായ അപേക്ഷകളിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നതുമാണ്. ഡിജിറ്റൽ രീതിയിൽ മാപ്പുകൾ പരിപാലിക്കുന്നതിനാൽ മാപ്പുകൾ നശിക്കാതെ സംരക്ഷിക്കാൻ സാധിക്കുന്നതും, പൊതു ജനങ്ങളുടെ വിവിധ ആവശ്യത്തിലേക്കായി അവരുടെ ഭൂമി സംബന്ധമായ മാപ്പുകൾ ഓഫീസുകൾ സന്ദർശിക്കാതെ ഓൺലൈനായി ലഭ്യമാക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ